

## ഉയിർപ്പുകാലം
### അഞ്ചാം ഞായർ

എമ്മാവൂസ്
# വചനദൂത്

# ഉത്ഥിതനായ മിശിഹാ

ഏശ. 49:7-13; ശ്ലീഹ 9:1-9; ഹെബ്രാ. 10:19-25; യോഹ. 21:1-14 (Vol. 9, Issue 59)

ബ്ര. ജോസഫ് ചിലമ്പിക്കുന്നേൽ, MCBS

ഉത്ഥിതനായ മിശിഹാ, തന്റെ ശിഷ്യന്മാർക്ക് മൂന്നാം പ്രാവശ്യം സ്വയം വെളിപ്പെടുത്തിയ ഒരു സംഭവമാണ് വി. യോഹന്നാൻ ഈ സുവിശേഷഭാഗത്തിൽ അവതരിപ്പിക്കുന്നത്. സുവിശേഷങ്ങളിലെ പല ഉപമകളിൽ കാണുവാൻ സാധിക്കുന്നത് മനുഷ്യനെ അന്വേഷിച്ചിറങ്ങുന്ന ദൈവത്തെയാണ്. കൂട്ടംതെറ്റിയ ആടിനെ തേടുന്ന നല്ലിടയൻ, നഷ്ടപ്പെട്ട നാണയം അന്വേഷിക്കുന്നവൻ, ധൂർത്തപുത്രന്റെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന പിതാവ്. എന്നാൽ, തന്റെ ശിഷ്യർ നഷ്ടപ്പെട്ടു പോകാതിരിക്കാൻ അവർക്ക് ഒരു തിരിച്ചറിവ് നൽകുന്ന കാരുണ്യവാനായ ഈശോയെയാണ് ഈ ആഴ്ച തിരുസഭ നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്. അവരുടെ ബലഹീനതയിൽ അവരോടൊത്ത് സഹതപിക്കാൻ കഴിയുന്ന ഒരു ഗുരു.

ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ; അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപ്പിക്കുവിൻ; അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1 പത്രോ. 5:6) എന്ന തിരിച്ചറിവ് പത്രോസ് ശ്ലീഹായ്ക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഈ തിബേരിയാസ് തീരത്തു വച്ചുണ്ടായ അനുഭവത്തിൽ നിന്നാണ് എന്ന കാര്യത്തിൽ സംശയമില്ല.

യേശുവിന്റെ ഉത്തമസാക്ഷികളാകുന്നതിനു മുമ്പ് ഉത്ഥിതനെ അനുഭവിക്കണം എന്ന ഓർമ്മപ്പെടുത്തൽ ഈ വചനഭാഗം നൽകുന്നുണ്ട്. ഇന്ന് നമുക്ക്, ഉത്ഥിതനെ അനുഭവിക്കുവാനുള്ള അവസരങ്ങളാണ് ജീവിതത്തിലെ വേദനകളും ദുരിതങ്ങളുമെന്ന് ശ്ലീഹന്മാരുടെ അനുഭവത്തിൽ നിന്ന് മനസ്സിലാക്കാം. George Herbert എന്ന കവി തന്റെ, 'The Polley' എന്ന കവിതയിൽ സൃഷ്ടിയുടെ മകുടമായ മനുഷ്യന് നൽകുവാനുള്ള അനുഗ്രഹങ്ങളെ, ഒ

രു ചില്ലുപാത്രത്തിലാക്കി വച്ചിരിക്കുന്ന ദൈവത്തെക്കുറിച്ചാണ് പറയുന്നത്. മനുഷ്യന് അനുഗ്രഹങ്ങൾ ഒന്നൊന്നായി കൊടുത്ത് അവസാനം 'വിശ്രമം' എന്ന അനുഗ്രഹം മാത്രം നൽകുന്നില്ല. കാരണം, "If goodness lead him not, yet weariness/ May toss him to my breast." അവനിലെ നന്മ അവനെ ദൈവത്തിങ്കലേയ്ക്ക് അടുപ്പിച്ചില്ലെങ്കിലും, ആശ്വാസം തേടിയെങ്കിലും അവൻ ദൈവത്തിങ്കലേയ്ക്ക് വരുമെന്ന് പ്രതീക്ഷിക്കുകയാണ്.

ജീവിതത്തിലെ തുടർച്ചയായ വിഷമസന്ധികളിൽ ശരീരവും മനസ്സും ആത്മാവും ഒരുപോലെ തകർന്ന മനുഷ്യരുടെ പ്രതിനിധിയാണ് തിബേരിയാസിലെ ശിഷ്യഗണം. സകല പരാജിതരുടെയും ജീവിതത്തിന്റെ കരയിൽ സൂക്ഷിച്ചു നോക്കിയാൽ ക്രിസ്തുവിന്റെ തിരുമുഖം കാണാം. അവനരുളുന്ന വിജയമന്ത്രം കേട്ട് പ്രവർത്തിച്ചാൽ സമൃദ്ധിയുടെ ഉത്ഭവം തുടങ്ങും. വിജയഭൂമികളെക്കാൾ പരാജയത്തിന്റെ തീരങ്ങൾ ദൈവത്തെ കണ്ടുമുട്ടാനുള്ള വേദികളാണ്. വിജയിയെക്കാൾ പരാജിതനാണ് ദൈവത്തെ ആവശ്യമുള്ളത്. വിജയി, സ്വന്തം കഴിവിൽ ആശ്രയിക്കുമ്പോൾ പരാജിതൻ സ്വന്തം കഴിവിന്റെ ശക്തിയില്ലായ്മ മനസ്സിലാക്കും.

ഒരു ചൈനീസ് പഴമൊഴിയിൽ പറയുന്നു: "പോകാൻ ഒരിടം, കാത്തിരിക്കാൻ ഒരാൾ. ഇത്രയുമുണ്ടെങ്കിൽ ജീവിതം സഫലമായി." ആ സാന്നിധ്യം വിളിച്ചോതുന്ന ഇടം പരിശുദ്ധ അൾത്താരയാണ്. "യേശു അപ്പമെടുത്ത് അവർക്കു കൊടുത്തു. അതുപോലെ തന്നെ മത്സ്യവും" (യോഹ. 21: 13) ഈ സംഭവം തീർച്ചയായും അവരിൽ അന്ത്യഅത്താഴത്തിന്റെ ഓർമ്മ ഉണർത്തിയിരിക്കും. ഇനിമുതൽ ഉത്ഥിതനായ കർത്താവിനെ അനുഭവിക്കാൻ സാധിക്കുക വി. കുർബാനയിലാണ് എന്നതും ഈ വാക്കുകളിൽ പറയുന്നുണ്ട്. ഹെബ്രായർക്ക് എഴുതിയ ലേഖനം 10:20-ൽ നാം വായിച്ചുകേട്ടു: "എന്തെന്നാൽ, തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു." തിബേരിയാസിലെ പ്രാതൽ വേളയിൽ സ്വയം വെളിപ്പെടുത്തിയ കർത്താവ് ഈ അൾത്താരയിൽ വിഭജിക്കപ്പെടുന്ന അപ്പത്തിലുണ്ട് എന്ന് തിരിച്ചറിയണം. അത് തിരിച്ചറിഞ്ഞ് നമുക്കും അവനെ സമീപിക്കാം. ഇങ്ങനെ ദൈവത്തെ തിരിച്ചറിഞ്ഞവരൊക്കെ ജീവിതത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയതായി നാം കാണുന്നുണ്ട്. ഇന്നത്തെ ഒന്നാം വായന, അങ്ങനെ മാറ്റം വരുത്തിയ സാവൂളിനെക്കുറിച്ചായിരുന്നു. പത്രോസിന്റെ പ്രവൃത്തി നമുക്ക് പുതിയ പാഠങ്ങൾ നൽകുന്നുണ്ട്.

ദൈവസന്നിധിയിലാണ് മനുഷ്യന് തന്റെ കുറവുകളെക്കുറിച്ച് ബോധ്യമാവുക. ഉത്ഥിതന്റെ സാന്നിധ്യം പത്രോസിന്, തന്റെ ഇല്ലായ്മകളെക്കുറിച്ചുള്ള ബോധ്യം നൽകി. ഈ ബോധ്യം നമുക്കുമുണ്ടായാൽ മനുഷ്യരുടെ മുമ്പിൽ, നമ്മൾ എന്തോ ആണെന്ന ഭാവം ഇല്ലാതാക്കാൻ സഹായിക്കും.

തിരിച്ചറിയുക എന്നത് സ്നേഹത്തിന് എളുപ്പം സാധ്യമാകുന്ന പ്രവർത്തിയാണ്. അനുദിന ജീവിതത്തിലെ ഓരോ തലത്തിലും ദൈവം സന്നിഹിതനാണ്. ജീവിതത്തിൽ സംഭവിക്കുന്ന ചെറുതും വലുതുമായ അടയാളങ്ങളുടെ പിന്നിൽ മറഞ്ഞിരിക്കുന്ന യേശുവിനെ തിരിച്ചറിയാൻ നമുക്ക് കഴിയണം. അത്, നമ്മൾ നഷ്ടപ്പെട്ടുപോകാതിരിക്കാൻ വേണ്ടിയാണ് എന്നതും ഓർക്കാം. അതിനുള്ള കൃപയ്ക്കായി ഉത്ഥിതനായ തമ്പുരാനോട് പ്രാർത്ഥിക്കുകയും ചെയ്യാം. ആമ്മേൻ.